**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** | **06-02-2023 - ൽ മറുപടിയ്ക്ക്**

**വാത്സല്യ നിധി ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന നിർത്തലാക്കിയത് പട്ടികജാതി പെൺകുട്ടികൾക്കുള്ള വാത്സല്യ നിധി ഇൻഷ്വറൻസ് പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (എ) | പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നും എൽ.ഐ.സി. പിന്മാറിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | പദ്ധതി ആവിഷ്കരിച്ചപ്പോൾ നൽകിയ വാഗ്ദാനങ്ങളിൽ നിന്നും LIC പിന്മാറിയിട്ടുണ്ട് .പദ്ധതി പുനഃക്രമീകരിക്കുന്നതിന് ചർച്ച നടത്തി വരികയാണ് . |
| (സി) | പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | വാത്സല്യനിധി പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതി പെൺകുട്ടികളുടെ രക്ഷിതാക്കളിൽ ആദ്യ രക്ഷിതാവിന് മരണം/അംഗവൈകല്യം സംഭവിച്ചാൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള ഇൻഷ്വറൻസ് തുകയും വിദ്യാഭ്യാസാനുകൂല്യങ്ങളും പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പോളിസി പ്രകാരമാണ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ (LIC) നിന്നും അനുവദിക്കേണ്ടത്. 01.06.2020 തീയതിയിൽ പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന പോളിസി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ ടി ഇൻഷ്വറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിയ്ക്കുവാൻ നിലവിൽ .LIC തയ്യാറല്ല. ആയതിനാൽ വാത്സല്യനിധി പദ്ധതിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ പെൺകുട്ടികൾക്കും ആനുകൂല്യം നൽകും വിധം പദ്ധതി പുനഃക്രമീകരിക്കുന്നതിനു .LIC യുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ